# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**01.01.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15 ന് ബഹു. ഗ്രാമവികസന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യവകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 1521 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 938 കോടി രൂപയും (30%), ബ്ലോക്ക് പഞ്ചായത്തുകൾ 244 കോടി രൂപയും (55%), ജില്ലാ പഞ്ചായത്തുകൾ 177 കോടി രൂപയും, മുനിസിപ്പാലിറ്റികൾ 95 കോടി രൂപയും(25%), കോർപ്പറേഷനുകൾ 67 കോടി രൂപയും(24%) ചെലവാക്കിയതായി കാണപ്പെട്ടു. ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് ചെലവ് പുരോഗതി കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 10 ശതമാനമായിരുന്നത് 30 ശതമാനമായി ഉയർന്നു. ബ്ലോക്ക് പഞ്ചായത്തുകളുടേത് 12 ശതമാനത്തിൽ നിന്ന് 55 ശതമാനമായും, മുനിസിപ്പാലിറ്റി കളുടേത് 19 ശതമാനത്തിൽ നിന്ന് 28 ശതമാനമായും, കോർപ്പറേഷനുകളുടേത് 16 ശതമാനത്തിൽ നിന്ന് 26 ശതമാനമായും ഉയർന്നു. ലോകബാങ്ക് ധനസഹായം ലഭ്യമാകുന്നതിലെ കാലതാമസവും മരാമത്ത് പണികളുടെ ബിൽ തയ്യാറാക്കുന്നതിലെ കാലതാമസവും നിമിത്തമാണ് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്തതെന്നും യോഗം നിരീക്ഷിച്ചു. ജനുവരി മാസം അവസാനത്തോടെ ചെലവ് കാര്യമായി വർദ്ധിക്കുമെന്നും യോഗം വിലയിരുത്തുകയുണ്ടായി.

2.2 ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളിൽ കുടുംബശ്രീ സംവിധാനത്തെ സഹകരിപ്പി ക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിക്കാനും താഴെപ്പറയുന്ന സംഗതികളിൽ കുടുംബശ്രീ അംഗങ്ങളെ സഹകരിപ്പിക്കാനും തീരുമാനിച്ചു.

1.. നികുതി പിരിവുമായി ബന്ധപ്പെട്ട ക്യാമ്പ് കളക്ഷൻ നടത്തുന്ന വേളകളിൽ നോട്ടീസ് വിതരണം നടത്തുന്നതിനും അനൗൺസ്മെന്റ് നടത്തുന്നതിനും
2. ഗ്രാമസഭകളുടെ സംഘാടനം, പ്രചരണം, ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ
3. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആഫീസുമായി ബന്ധപ്പെട്ട അപേക്ഷകൾ തയ്യാറാക്കുന്നതിനും, സേവനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും ഹെൽപ് ഡെസ്ക് ആയി പ്രവർത്തിപ്പിക്കലും
4. ഗ്രാമപഞ്ചായത്ത്തല ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളിലും വിവിധ കമ്മിറ്റികളിലും
5. ഗ്രാമപഞ്ചായത്തുകളിൽ വാർഡടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനങ്ങളിൽ

എന്നാൽ അതിനുവേണ്ടിയുള്ള ചെലവ് തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ട താണെന്നും തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.48573/ഡി.ഡി.2/13/തസ്വഭവ)

**തീയതി. 01.01.2014**

ബ്ലോക്ക് പഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തിൽ 1330249/- രൂപ വകയിരുത്തി ബ്ലോക്കിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോട്ട വനിത കമ്പ്യൂട്ടർ സ്ഥാപനത്തിനായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള ആവശ്യം നിരസിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം. 54596/ഡി.ഡി.2/13/തസ്വഭവ)

തീയതി 01.01.2014

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഉദ്ഘാടന ചടങ്ങുകൾക്ക് ഒരു തവണ പരമാവധി 7500/- രൂപ ചെലവഴിക്കുന്നതിനും ഒന്നിലധികം പദ്ധതികൾ കൂട്ടിച്ചേർത്ത് ഒരുമിച്ച് ഉത്ഘാടനം നിർവഹിക്കേണ്ടതാണെന്നും തീരുമാനിച്ചു. ഇത് പൊതു തീരുമാനമായി ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് (ഫയൽനം.77125/ഡി.എ.2/13/തസ്വഭവ)

**തീയതി 01.01.2014**

2010-11 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിൽ 1436000/- രൂപ വകയിരുത്തി ഏറ്റെടുത്ത ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിലെ കമ്പിവേലിക്കകം സാംസ്ക്കാരിക നിലയം കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവഹണത്തിൽ ഉണ്ടായ കാലതാമസം മാപ്പാക്കി നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ പിഴയിൽ നിന്ന് ഒഴിവാക്കണമെന്ന അപേക്ഷ ചർച്ച ചെയ്യുകയും ടെണ്ടർ എക്സസ് നൽകാതെ 31.03.2014-നുള്ളിൽ പൂർത്തിയാക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽനം.67426/ഡി.ബി1/13/തസ്വഭവ)

**തീയതി 01.01.2014**

വിജയസോപാനം എന്ന പ്രോജക്ട് അംഗീകരിക്കാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കണമെന്നും അടുത്ത വർഷം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5കൊയിലാണ്ടി നഗരസഭ (ഫയൽനം.13128/ആർ.സി.4/13/തസ്വഭവ) തീയതി 01.01.2014

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി അരിക്കുളം വില്ലേജിൽ കാവുംവട്ടം വലിയമല എന്ന സ്ഥലത്ത് നഗരസഭ ആർജിച്ച 4 ഏക്കർ ഭൂമി, ഉടമസ്ഥത നഗരസഭയിൽ നിലനിർത്തിക്കൊണ്ട് ദീർഘ കാലാടിസ്ഥാനത്തിൽ വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച തീരുമാനം വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ്**

**ഫയൽനം.77391/എഫ്.എം2/13/തസ്വഭവ) തീയതി 01.01.2014**

ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ പുതുതായി അനുവദിച്ച ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പ്രാരംഭ സൗകര്യമൊരുക്കുന്നതിനായി നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭവാന നൽകാൻ അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച സ.ഉ.(സാധാ) 2423/13/തസ്വഭവ ഉത്തരവ്, സംബന്ധിച്ച് ചർച്ച ചെയ്യുകയും തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. നേരത്തേ ഇറക്കിയ ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റോഡ് നിർമ്മാണത്തിലെ ടാർ വിതരണം സംബന്ധിച്ച് (ഫയൽനം.70642/ഇ.ഡബ്ല്യൂ3/13/തസ്വഭവ) തീയതി 01.01.2014**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്യുന്നതിന് ഓരോ ജില്ലയിലും ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാകണമെന്നും ആവശ്യാനുസരണം കോൺട്രാക്ടർമാർക്ക് ടാർ വിതരണം ചെയ്യുന്നതിന് സൗകര്യമൊരുക്കുകയും വേണമെന്ന നിർദ്ദേശം ചർച്ച ചെയ്യുകയും പ്ലാസ്റ്റിക് പൊടിയുടെ ഉപയോഗം 10%വരെ കുറയ്ക്കാൻ കഴിയുമെന്ന് കണ്ടെത്തിയതിനാൽ ഇതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കോഡൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.1353/ഡി.എ2/13/തസ്വഭവ) തീയതി 01.01.2014**

കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടിന് പ്രത്യേകാനുവാദം നൽകണമെന്ന അപേക്ഷ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.78068/ഡി.ഡി2/13/തസ്വഭവ)**

**തീയതി 01.01.2014**

വെള്ളാരംകുഴി–കുമ്മനോട് റോഡ് പുനരുദ്ധാരണത്തിനായി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെടുകയും ഗുണഭോക്തൃസമിതി പ്രവൃത്തി പൂർത്തീകരിച്ച നടപടിക്രമത്തിലെ വീഴ്ചയെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിന്മേൽ വകുപ്പുതല നടപടി കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് (ഫയൽനം.72826/ഡി.ഡി2/13/തസ്വഭവ)**

**തീയതി 01.01.2014**

2012–13 സാമ്പത്തിക വർഷത്തിൽ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന വല, മത്സ്യബന്ധന വള്ളം എന്നിവയുടെ വിതരണം എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഉന്നയിച്ചത് ചർച്ച ചെയ്യുകയും വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

*അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 08.01.2014–ന് 3 pm – ന് നിയമസഭാ മന്ദിരത്തിലെ പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതിന് തീരുമാനിച്ചു.*

(യോഗം രാവിലെ 9.15–ന് അവസാനിച്ചു)